# കേരള സംസ്ഥാന മനുഷ്യാവകാശകമ്മീഷൻ

ഹാജർ : കെ.ബൈജുനാഥ്,
ബഹു. ജുഡീഷ്യൽ ജുഡീഷ്യൽ അംഗം

**എച്ച്.ആർ.എം.പി. നംബർ : 733/11/12/2023/ TVM**

പരാതികക്ഷി : ജി.പി.മണികുമാറും ഭാര്യ രമാദേവിയും.
അമ്പാട്ടുവീട്, വാമനപുരം, തീരുവനന്തപുരം

എതിർകക്ഷി : ഭാസ്കരൻ മകൻ പ്രസന്നൻ

**ഉത്തരവ് തീയതി 27.01.2024**

പരാതികക്ഷിയുടെ അയൽ വസ്തു ഉടമയായ എതിർകക്ഷി മതിയായ അകലം പാലിക്കാതെ കുഴൽ കിണർ നിമ്മിച്ചതായും തങ്ങളുടെ വീട്ടിലേയ്ക്കുള്ള വഴിയുടെ സംരക്ഷണ ഭിത്തി കെട്ടി അടയ്ക്കാൻ എതിർകക്ഷി അനുവദിക്കുന്നില്ലായെന്നും മറ്റുമാണ് പരാതി സംഗതി.

പരാതി വിഷയത്തിൽ വാമനപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി നേരിട്ട് ഹാജരായി റിപ്പോർട്ട് സമർപ്പിച്ചു. പരാതിക്കാരൻെറ ജ്യേഷ്ഠൻെറ മക്കൾ ശ്രീ പ്രസന്നൻ എന്നിവർക്ക് കൈമാറിയിട്ടുള്ള 50 വർഷത്തിലധികം പഴക്കമുള്ള ഓട് മേഞ്ഞ കെട്ടിടത്തിൻെറ തെക്ക് ഭാഗത്തെ ചുവരിനോട് ചേർന്ന് എം.സി റോഡിൽ പ്രവേശിക്കുന്നതിനായി ഒരു മീറ്ററിൽ താഴെ വീതിയുള്ള നടവഴി കാണുന്നുണ്ടെങ്കിലും കൃത്യമായി നടവഴിയുടെ അതിർത്തി/വിതി കണ്ടെത്തുന്നതിന് സാധിച്ചിട്ടില്ലായെന്നും, ടി നടവഴി സംബന്ധിച്ച് മുൻസിഫ് കോടതിയിൽ കേസ് നടന്നുവരുന്നതായി പരാതിക്കാരൻ റിപ്പോർട്ട് ചെയ്തിട്ടുള്ളതായും ,പ്രസ്തുത ഓടിട്ട കെട്ടിടത്തിൻെറ തെക്ക് കിഴക്ക് ചേരുന്ന മൂലഭാഗം മുതൽ തെക്ക് പടിഞ്ഞാറുവരെ റോഡിൽ പ്രവേശിക്കുന്നതുവരെയുള്ള കെട്ടിടത്തിൻെറ സൈഡ് ഭാഗത്തെ ഓടയും മറ്റ് ഭാഗങ്ങളും പരാതിക്കാരൻ ടിയാൻെറ വഴി എന്ന് അവകാശപ്പെടുന്നിടത്ത് തള്ളി നിൽക്കുന്നുണ്ടെങ്കിലും ടി വഴിയിലൂടെയുള്ള സഞ്ചാരത്തിന് ആയത് തടസ്സമുള്ളതായി കാണുന്നില്ലായെന്നും, ശ്രീ പ്രസന്നൻ

പുതുതായി വാങ്ങിയ 2 സെൻ സ്ഥലത്തിനുള്ളിൽ സ്ഥിതി ചെയ്യുന്ന കെട്ടിടത്തിൻെറ ഉള്ളിലായി ഒരു കുഴൽ കിണർ നിർമ്മിച്ചിട്ടുള്ളതാണെന്നും, ടി കുഴൽ കിണർ പരാതിക്കാരൻെറ കിണറിൽ നിന്നും 7 മീറ്റർ അകലത്തിലാണ് നിർമ്മിച്ചിട്ടുള്ളതെന്നും, ടി കുഴൽ കിണർ സംബന്ധിച്ചുള്ള പരിശോധന നടത്തി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഭൂജല വകുപ്പിന് കത്ത് നൽകിയിട്ടുള്ളതായും,, പ്രസന്നൻെറ കൈവശമുള്ള കെട്ടിടത്തിൻെറ ചുമരിനോട് ചേർന്ന് ഒരു വരി പൊക്കത്തിൽ ഹോളോബ്രിക്സ് കൊണ്ടുള്ള നിർമ്മാണം നടത്തിയിട്ടുണ്ടെന്നും പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്യുകാണുന്നു.

പരാതിയും റിപ്പോർട്ടും കമ്മീഷൻ പരിശോധിക്കുകയും പരാതികക്ഷിയെ നേരിൽ കേൾക്കുകയും ചെയ്തു. നടവഴി സംബന്ധിച്ച തർക്കം നിലവിൽ മുൻസിഫ് കോടതിയുടെ പരിഗണനയിൽ ആയതിനാൽ കോടതി തീരുമാനം അനുസരിച്ചു മാത്രമെ തീരുമാനം കൈകൊള്ളാൻ കഴിയുകയുള്ളു. കുഴൽ കിണർ നിർമ്മാണത്തിലെ അപാകം സംബന്ധിച്ചുള്ള കാര്യങ്ങൾ ഭൂജല വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ കക്ഷികളെ കേട്ട് പഞ്ചായത്ത് സെക്രട്ടറി തീരുമാനം കൈകൊള്ളേണ്ടതാണെന്ന നിർദ്ദേശത്തോടെ ഈ പരാതി തീർപ്പാക്കുന്നു.

ഒപ്പ്
**കെ.ബൈജുനാഥ്**
**ആക്ടിംഗ് ചെയർമാൻ & ജുഡീഷ്യൽ അംഗം**

//ശരിപ്പകർപ്പ്//

Anithesv.
രജിസ്ട്രാർ